**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **02-08-2021 - ൽ മറുപടിയ്ക്ക്**

**അധ്യാപക പരിശീലന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. മുരളി പെരുനെല്ലി,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമെന്ന പ്രഖ്യാപിത നിലപാട് യാഥാർത്ഥ്യമാക്കാൻ അധ്യാപന ഗുണനിലവാരം ഉയർത്തേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി അധ്യാപക ശാക്തീകരണത്തിന് നിരവധി പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസവകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. സമഗ്ര അധ്യാപക ശാക്തീകരണത്തിനായി 6 മാസം ദൈർഘ്യമുള്ള അധ്യാപക പരിവർത്തന പരിപാടി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ ഡയറ്റുകൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കാണ് പ്രസ്തുത കോഴ്സിൽ പങ്കെടുക്കുവാൻ അവസരം ലഭ്യമാക്കുക. അധ്യാപക സർവ്വീസിൽ ആദ്യമായി പ്രവേശിക്കുന്നവർക്കായി ഇൻഡക്ഷൻ പരിശീലനം നടത്തിവരുന്നു. എപ്രിൽ, മെയ് മാസങ്ങളിൽ അവധിക്കാല അധ്യാപക പരിശീലനം നടത്തിവരുന്നു. എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്ന മൊഡ്യൂളിന്റെ അടിസ്ഥാനത്തിലാണ് പരിശീലനം നടത്തുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ലാസ്റൂം വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഐ.ടി. അധിഷ്ഠിത പരിശീലനവും നലകി വരുന്നുണ്ട്. പ്രീ പ്രൈമറി അധ്യാപകർക്ക് "പ്രശിക്ഷാ" എന്ന പേരിൽ ഓൺലൈൻ പരിശീലനം നൽകുന്നുണ്ട്. സവിശേഷ വിദ്യാലയത്തിലെ അധ്യാപകർക്കായി മുദ്രികാപാഠം (ശ്രവ്യ പരിമിതി വിഭാഗം) ശ്രുതിപാഠം (കാഴ്ച പരിമിതി) വിഭാഗം, എന്നിങ്ങനെയുള്ള പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു. ആധുനിക കാലത്ത് വിദ്യാഭ്യാസ ഗുണനിലവാരം വർധിപ്പിക്കുവാൻ ഡിജിറ്റൽ ഉള്ളടക്കങ്ങൾ അനിവാര്യമായതിനാൽ ആയവ തയ്യാറാക്കുന്ന തിനുള്ള പരിശീലനം SIET മുഖേന നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ, എയ്ഡഡ്സ്കൂൾ അദ്ധ്യാപ കർക്ക് വീഡിയോ ചിത്ര നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. ഡിജിറ്റൽ ക്ലാസ്സുകളുടെ സ്ക്രിപ്റ്റുകൾ തയ്യാറാക്കാൻ ഡയറ്റുകളുടെ പിന്തുണയോടെ പരിശീലന പരിപാടി സംഘടിപ്പിച്ചു വരുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് അക്കാഡമിക്/ ഭരണപ്രവർത്തനങ്ങൾക്ക് നേതൃതം നൽകുന്നതിന് എൽ.പി/ യു . പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ കരിയർ മാസ്റ്റർമാർക്കും ഡയറ്റ് ഫാക്കൽറ്റികൾക്കും സീമാറ്റ് -കേരള മുഖേനയും പരിശീലനം നൽകുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കന്ററി അധ്യാപകർക്ക് ഹയർ സെക്കന്ററി അധ്യാപക 'പരിവർത്തനോന്മുഖ പരിപാടി (HSSTTP)' എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് വർഷാവർഷം നൽകിവരുന്നു. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി ‘സമഗ്ര’ ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പാഠഭാഗങ്ങൾക്കനുസൃതമായി അധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്രപോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം അധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ - വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമാണം എന്നീ മേഖലകളിൽ അധ്യാപകർക്ക് കൈറ്റ് മുഖേന പരിശീലനം നൽകിയിട്ടുണ്ട് പുതുതായി അധ്യാപകരാകു ന്നവർക്ക് 45 മണിക്കൂർ ദൈർഘ്യമുള്ള കംമ്പ്യൂട്ടർ കോഴ്സ് ഓൺലൈനായി 'Kool' എന്ന പേരിൽ കൈറ്റ് മുഖേന നൽകുന്നു. |
| (ബി) | അധ്യാപകർക്കായുള്ള പരിശീലന പരിപാടികളും നവീകരണ പരിശീലനവും കാലികമായി നവീകരിക്കാനും കാര്യക്ഷമമാക്കാനും പരിപാടിയുണ്ടോ; | (ബി) | സ്കൂളുകൾ ഹൈടെക്കായി മാറിയ സാഹചര്യത്തിൽ ഐ.സി.ടി. സാധ്യത, പാഠ്യ പദ്ധതി വിനിമയത്തിൽ ഫലപ്രദമായി പ്രയോജനപ്പെടുന്നതിന് അധ്യാപകർക്കാവശ്യമായ പരിശീലനം നൽകുന്നതിനും കോവിഡിന്റെ പ്രത്യേക സാഹചര്യത്തിൽ അധ്യാപകനും കുട്ടികളും തമ്മിലുള്ള ആശയ വിനിമയം ഓൺലൈൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് അധ്യാപകർക്ക് ആവശ്യമായ പിൻതുണയും പരിശീലനവും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സവിശേഷവിദ്യാലയങ്ങളിലെ അധ്യാപകർക്കുള്ള |

| | | | |
|---|---|---|---|
| | | | സാങ്കേതികപരിശീലനം 'ഗണിനിപ്രഭ' എസ്.സി. ഇ. ആർ.ടി.യുടെ നേതൃത്വത്തിൽ നടക്കുന്നു. കാഴ്ച, കേൾവി, ബുദ്ധിപരിമിതി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ മൂവായിരത്തിൽപ്പരം അധ്യാപകർക്കും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്കുമാണ് പ്രസ്തുത പരിശീലനം നൽകുന്നത്. |
| (സി) | പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപക ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) | നിയമാനുസൃത ഒഴിവുകൾ കൃത്യമായി പി.എസ്. സിക്കു റിപ്പോർട്ട് ചെയ്യുവാൻ എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ